**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5885**

**19.11.2019 - ൽ മറുപടിക്ക്.**

## കോന്നി മണ്ഡലത്തിൽ വ്യവസായ പാർക്ക്

ചോദ്യം
ശ്രീ. കെ. യു. ജനീഷ് കുമാർ

മറുപടി
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | വ്യവസായ വകുപ്പ് കോന്നി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എതെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) : സംരംഭക സഹായ പദ്ധതി, നാനോ ഹൗസ്ഹോൾഡ് പദ്ധതി, ഉജ്ജീവന സഹായ പദ്ധതി, റീബിൽഡ് കേരള, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി, ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന വിവിധ വ്യവസായ തൊഴിൽ ദായക പദ്ധതികൾ എന്നിവയാണ് കോന്നി മണ്ഡലത്തിൽ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ.<br>കൂടാതെ കൈത്തറി മേഖലയുടെ പ്രോത്സാഹനത്തിനായി വ്യവസായ വകുപ്പ് കോന്നി മണ്ഡലത്തിൽ നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് "*ഒരു വീട്ടിൽ ഒരു തറി പദ്ധതി.*" ടി പദ്ധതി പ്രകാരം രണ്ടു പേർക്ക് തറികൾ നൽകി യൂണിറ്റ് പ്രവർത്തനം തുടങ്ങുകയും ചെയ്തു. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സംസ്ഥാനത്തൊട്ടാകെയുള്ള ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ "*എന്റെ ഗ്രാമം*" പദ്ധതി നടപ്പിലാക്കുന്നു. ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി സംരംഭം ആരംഭിക്കുന്ന പുതിയ ഗ്രാമീണ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40 % വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. |
| (ബി) | യുവാക്കൾക്ക് പരിശീലനം നൽകുന്നതിനും നിരവധി പേർക്ക് തൊഴിൽ നൽകുന്നതിനുമായി പ്രസ്തുത മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (ബി) : കോന്നി മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പദ്ധതികളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ.

കെ/16/11/19